# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 17<br>January 17 | 2019 |
|---|---|

*1193 മകരം 3 വ്യാഴം*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**പത്തനംതിട്ട വിശ്രമകേന്ദ്രത്തിലെ പുതിയ വിഐപി ബ്ലോക്കിന്റെ നിർമാണോദ്ഘാടനം ഇന്ന് (18)**

പത്തനംതിട്ട വിശ്രമകേന്ദ്രത്തിലെ പുതിയ വിഐപി ബ്ലോക്കിന്റെ നിർമാണോദ്ഘാടനം ഇന്ന് (18) പകൽ 11:30ന് പൊതുമരാമത്ത്-രജിസ്ട്രേഷൻ വകുപ്പ് മന്ത്രി ജി.സുധാകരൻ നിർവഹിക്കും. വിശ്രമകേന്ദ്ര പരിസരത്ത് ചേരുന്ന യോഗത്തിൽ വീണാജോർജ് എംഎൽഎ അധ്യക്ഷത വഹിക്കും. ആന്റോ ആന്റണി എംപി മുഖ്യപ്രഭാഷണം നടത്തും.

എം.എൽ.എമാരായ മാത്യു.ടി തോമസ്, രാജു എബ്രഹാം, ചിറ്റയം ഗോപകുമാർ, അടൂർ പ്രകാശ്, പത്തനംതിട്ട നഗരസഭ അധ്യക്ഷ അഡ്വ.ഗീതാ സുരേഷ്, നഗരസഭ പ്രതിപക്ഷനേതാവ് പി.കെ അനീഷ്, വാർഡ് കൗൺസിലർ സുശീല പുഷ്പൻ, ലൈബ്രറി കൗൺസിൽ പ്രസിഡന്റ് പ്രൊഫ.ടി.കെ.ജി നായർ, കെട്ടിടവിഭാഗം ചീഫ് എഞ്ചിനിയർ ഇ.കെ ഹൈദ്രു, ദക്ഷിണമേഖല സൂപ്ര ിംഗ് എഞ്ചിനിയർ ഡി.ഹരിലാൽ, എക്സിക്യൂട്ടീവ് എഞ്ചിനിയർ എസ് സുധ, സംഘാടക സമിതി രക്ഷാധികാരി കെ.പി.ഉദയഭാനു, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

ശബരിമല തീർഥാടന കാലത്തിൽ കേന്ദ്ര സംസ്ഥാന മന്ത്രിമാർ ഉൾപ്പെടെ നിരവധി വിഐപികൾ എത്തുമ്പോൾ നിലവിലെ സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണെന്ന് വില യിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് പുതിയ വിഐപി ബ്ലോക്ക് നിർമിക്കുന്നത്. വിവിധ സർക്കാർ വകുപ്പുകളുടെ ആവശ്യങ്ങൾക്കായി ജില്ലയിൽ സർക്കാർ വക കോൺഫറൻസ് ഹാളിന്റെ ആവശ്യകതയും ഈ സമുച്ചയത്തിലൂടെ പൂർത്തീകരിക്കും.

Sample output to test PDF Combine only

2017–18ലെ സംസ്ഥാന ബജറ്റിൽ ഉൾപ്പെടുത്തി 2.5 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. ഡോറാ ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയാണ് കരാർ എടുത്തിട്ടുള്ളത്. 18 മാസമാണ് നിർമാണ കാലാവധി.

മൂന്ന് നിലകളിലായി 8468 ചതുരശ്ര അടിയിലുള്ള കെട്ടിടത്തിൽ എട്ട് വിഐപി മുറികൾ, 100 പേർക്ക് ഇരിക്കാവുന്ന കോൺഫറൻസ് ഹാൾ എന്നിവ രൂപകൽപ്പന ചെയ്തത് പൊതുമരാമത്ത് ആർക്കിടെക്ട് വിഭാഗമാണ്. ഈ വിഐപി ബ്ലോക്കിന്റെ താഴത്തെ നിലയിൽ നാല് വിഐപി റൂമുകളും ഓഫീസ് മുറിയും കെയർ ടേക്കർ റൂമും ടോയ്‌ലറ്റുമു ാകും. ര ാം നിലയിൽ നാല് വിഐപി മുറികളും ഹൗസ് കീപ്പിംഗ് സെക്ഷനുമാണ് വിഭാവനം ചെയ്തിരിക്കുന്നത്. മൂന്നാം നിലയിൽ 1180 ചതുരശ്ര അടിയിലുള്ള കോൺഫറൻസ് ഹാളും ടോയ്‌ലറ്റ് ബ്ലോക്കും ഉ ാകും. നിലവിൽ 10 മുറികളിൽ ര ് വിഐപി മുറികൾ മാത്രമുള്ള ഈ വിശ്രമകേന്ദ്രത്തിൽ പുതിയ വിഐപി ബ്ലോക്കിന്റെ നിർമാണം പൂർത്തീകരിക്കുന്നതോടെ പത്തനംതിട്ട വിശ്രമകേന്ദ്രം ജില്ലയിലെ ഏറ്റവും വലിയ വിശ്രമകേന്ദ്രമായി മാറും.

(പിഎൻപി 175/19)

## നിയമസഭാ സമിതി സിറ്റിംഗ് ഇന്ന് (18)

സംസ്ഥാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി ഇന്ന് (18) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. ജില്ലയിൽ നിന്നും സമിതിക്ക് ലഭിച്ചിട്ടുള്ള പരാതികളിന്മേൽ ബന്ധപ്പെട്ട ജില്ലാതല ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുക്കും.

ജില്ലയിലെ പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽപ്പെട്ട വ്യക്തികൾക്കും സംഘടനാ പ്രതിനിധികൾക്കും പരാതികളും നിർദേശങ്ങളും സമിതി മുമ്പാകെ നേരിട്ട് ബോധിപ്പിക്കാം.

(പിഎൻപി 176/19)

## മൈലപ്ര സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ഇന്ന് (18)

സംസ്ഥാന സർക്കാർ സ്ഥാപനങ്ങൾ ആധുനിക വത്ക്കരിക്കുന്നതിന്റെ ഭാഗമായി ആധുനിക സൗകര്യങ്ങളോടെ നിർമിച്ച മൈലപ്ര സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം ഇന്ന് രാവിലെ 10ന് റവന്യുമന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ കളക്ടർ പി.ബി.നൂഹ്, എഡിഎം പി.റ്റി.എബ്രഹാം, കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി.കെ, മൈലപ്ര ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് തോമസ് മാത്യു, ജില്ലാ പഞ്ചായത്തംഗം കെ.ജി.അനിത, ബ്ലോക്ക് പഞ്ചായത്തംഗം മാത്യു തോമസ്, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

(പിഎൻപി 177/19)

## തുമ്പമൺ സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം ഉദ്ഘാടനം ഇന്ന് (18)

ആധുനിക സൗകര്യങ്ങളോടെ മുട്ടം വായനശാല ജംഗ്ഷന് സമീപം നിർമാണം പൂർത്തീകരിച്ച തുമ്പമൺ സ്മാർട്ട് വില്ലേജ് ഓഫീസ് മന്ദിരം ഇന്ന് വൈകിട്ട് നാലിന് റവന്യുമന്ത്രി ഇ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയാകും. ജില്ലാ കളക്ടർ പി.ബി.നൂഹ്, എഡിഎം പി.റ്റി.എബ്രഹാം, അടൂർ ആർഡിഒ എം.എ റഹിം, തുമ്പമൺ ഗ്രാമപഞ്ചായത്ത് പ്രസിന്റ് സഖറിയ വർഗീസ്, വൈസ് പ്രസിഡന്റ് അനിത മധു, ജില്ലാ പഞ്ചായത്ത് അംഗങ്ങളായ റ്റി.മുരുകേശ്, എലിസബത്ത് അബു, വിവിധ രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

വില്ലേജ് ഓഫീസ് കെട്ടിടം നിർമിക്കുന്നതിന് സൗജന്യമായി സ്ഥലം നൽകിയ തോ ം

Sample output to test PDF Combine only

വേലിൽ മറിയാമ്മ കോശിയെ ചടങ്ങിൽ റവന്യുമന്ത്രി ആദരിക്കും.

(പിഎൻപി 178/19)

## കലഞ്ഞൂർ – പാടം റോഡ് നിർമാണോദ്ഘാടനം ഇന്ന് (18)

കോന്നി, പത്തനാപുരം നിയോജകമണ്ഡലങ്ങളിലൂടെ കടന്നുപോകുന്ന കലഞ്ഞൂർ-പാടം റോഡിന്റെ നിർമാണോദ്ഘാടനം ഇന്ന് (18) പകൽ 11.30ന് കലഞ്ഞൂർ ജംഗ്ഷനിൽ പൊതുമരാമത്ത് വകുപ്പ് മന്ത്രി ജി.സുധാകാരൻ നിർവഹിക്കും. അടൂർ പ്രകാശ് എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യ പ്രഭാഷണം നടത്തും. ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരായ മനോജ് കുമാർ, പ്രീത രമേശ്, ജില്ലാ പഞ്ചായത്തംഗങ്ങളായ ആർ.ബി.രാജീവ് കുമാർ, ബിനിലാൽ, കെആർഎഫ്ബി ചീഫ് എൻജിനീയർ വി.വി.ബിനു, ദക്ഷിണമേഖല പൊതുമരാമത്ത് നിരത്തുകളും പാലങ്ങളും സൂപ്ര ിംഗ് എൻജിനീയർ ജി.ഉണ്ണികൃഷ്ണൻ നായർ, എക്സിക്യൂട്ടീവ് എൻജിനീയർ ആർ.അനിൽകുമാർ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ റ്റി.എൻ.സോമരാജൻ, സൗദ രാജൻ, അജോമോൻ, രാജ ഗോപാലൻ നായർ, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, രാഷ്ട്രീയകക്ഷി പ്രതിനിധികൾ തുടങ്ങിയവർ പങ്കെടുക്കും.

സംസ്ഥാന പാതയായ കായംകുളം-പത്തനാപുരം റോഡിൽ ഇളമണ്ണൂർ 23-ാം മൈലിൽ നിന്നും തുടങ്ങി പുനലൂർ-മൂവാറ്റുപുഴ റോഡിൽ കലഞ്ഞൂർ ജംഗ്ഷൻ വഴി പാടത്ത് എത്തിച്ചേരുന്ന കലഞ്ഞൂർ-പാടം റോഡിന് 12.47 കി.മീ ദൈർഘ്യമു ്. മലയോര പ്രദേശമായ ഇളമണ്ണൂർ, കുടുത്ത, കലഞ്ഞൂർ, വാഴപ്പാറ, മണക്കാട്ടുപുഴ, ചിതൽവെട്ടി, മാങ്കോട്, പാടം എന്നീ പ്രദേശങ്ങളുടെ സമഗ്ര വികസനത്തിന് റോഡ് നവീകരണം വഴിയൊരുക്കും. പ്രധാന ശബരിമല ഇടത്താവളമായ കലഞ്ഞൂർ മഹാദേവക്ഷേത്രം ഈ റോഡിലാണ് സ്ഥിതിചെയ്യുന്നത്. റോഡിന്റെ നവീകരണത്തിനായി 2016-17 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തി 15 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. തുടർന്ന് കിഫ്ബി 2016-17 വർഷത്തിൽ ഉൾപ്പെടുത്തി 22.29 കോടി രൂപയ്ക്ക് ഭരണാനുമതി ലഭിച്ചു. തുടർന്ന് കെആർഎഫ്ബി 21.90 കോടി രൂപയ്ക്ക് സാങ്കേതിക അനുമതി നൽകി. 20.45 കോടി രൂപയ്ക്കാണ് കരാർ ഏറ്റെടുത്തിട്ടുള്ളത്. 2020 ഏപ്രിൽ 14ന് മുമ്പ് പദ്ധതി പൂർത്തീകരിക്കും.

താഴ്ന്ന പ്രദേശങ്ങൾ ഉയർത്തി 5.50 മീറ്റർ ക്യാരേജ് വേ വീതിയിൽ ബിറ്റുമിനസ് മെക്കാടം ആൻഡ് ബിറ്റുമിനസ് കോൺക്രീറ്റ് ചെയ്ത് ഉപരിതലം പുതുക്കും. ഇരുവശങ്ങളിലുമായി 5460 മീറ്റർ ഓട, പൈപ്പ് കൾവർട്ട് ഉൾപ്പെടെ 24 പുതിയ കലുങ്കുകൾ, 2890 മീറ്റർ സംരക്ഷണഭിത്തി, 10328 ച.മീറ്റർ ഇന്റർലോക്ക് എന്നിവ വിഭാവനം ചെയ്തിട്ടു ്. ഭാരം കയറ്റിയ വാഹനങ്ങൾ ധാരാളമായി പോകുന്ന റോഡായതിനാൽ ഇരുവശങ്ങളിലും താഴ്ചയുള്ള ഭാഗങ്ങളിൽ 6560 മീറ്റർ ക്രാഷ് ബാരിയർ വിഭാവനം ചെയ്തിട്ടു ്. റോഡ് സുരക്ഷാ ഐറ്റങ്ങളും കെഎസ്ഇബി പോസ്റ്റ്, ബിഎസ്എൻഎൽ കേബിളുകൾ, ജലവിതരണ പൈപ്പുകൾ എന്നിവ റോഡിന്റെ വശങ്ങളിലേക്ക് നീക്കിയിടുന്നതിനും തുക വകയിരുത്തിയിട്ടു ്.

(പിഎൻപി 179/19)

## ശർക്കര വ്യാപാരികൾ ബിൽ സൂക്ഷിക്കണം

ജില്ലയിൽ ശർക്കര വ്യാപാരം നടത്തുന്ന എല്ലാ വ്യാപാരികളും നിയമപരമായുള്ള പർച്ചേസ് ബിൽ സൂക്ഷിക്കണമെന്നും ആവശ്യപ്പെട്ടാൽ ഫുഡ് സേഫ്റ്റി ഓഫീസർക്ക് പരിശോധനയ്ക്ക് നൽകണമെന്നും ഫുഡ് സേഫ്റ്റി അസിസ്റ്റന്റ് കമ്മീഷണർ കെ.ശ്രീകല അറിയിച്ചു. ശർക്കര വാങ്ങുമ്പോൾ സീൽഡ് പായ്ക്കറ്റുകളിൽ നിയമം അനുശാസിക്കുന്ന ലേബൽ വിവരങ്ങളോടു കൂടിയവ മാത്രം വാങ്ങണം.

ഭക്ഷ്യസുരക്ഷാ വിഭാഗം അടുത്തിടെ നടത്തിയ പരിശോധനകളിൽ ശർക്കരയിൽ മായം കലർത്തി വിൽപന നടത്തിയതായി സ്ഥിരീകരിച്ചിട്ടു ്. ജില്ലയിൽ ശർക്കരയുടെ 17 സാമ്പിളുകൾ പരിശോധിച്ചതിൽ ഒരു സാമ്പിൾ കൃത്രിമ നിറം ചേർത്തതായും രെ ണ്ണം നിയ

Sample output to test PDF Combine only

മപ്രകാരമുള്ള ലേബലില്ലാത്തതായും ക ത്തി. കാർഷികോൽപ്പന്നം എന്ന നിലയിൽ ശർക്കരയിൽ യാതൊരു നിറങ്ങളോ രാസവസ്തുക്കളോ ചേർക്കുവാൻ പാടില്ല. എന്നാൽ പരിശോധനയിൽ റോഡമിൻ–ബി, ടാർട്രസിൻ, ബ്രില്യന്റ് ബ്ലൂ, സൺസെറ്റ് യെല്ലോ എന്നീ നിറങ്ങളുടെ സാന്നിധ്യം സ്ഥിരീകരിച്ചിട്ടു ്. ശർക്കരയിൽ നിറങ്ങൾ ചേർക്കുന്നത് ഭക്ഷ്യസുരക്ഷാ നിലവാര നിയമപ്രകാരം തടവും പിഴയും ലഭിക്കാവുന്ന കുറ്റമാണ്.

അനുവദിക്കപ്പെട്ടില്ലാത്ത നിറങ്ങൾ ചേർക്കുന്നത് ക്യാൻസർ തുടങ്ങിയ മാരകരോഗങ്ങൾക്ക് കാരണമാകും. അതിനാൽ ശർക്കര വാങ്ങി ഉപയോഗിക്കുന്ന ഉപഭോക്താക്കളും വ്യാപാരിയിൽ നിന്നും നിയമപ്രകാരമുള്ള ബിൽ വാങ്ങി സൂക്ഷിക്കണം. ശർക്കര ഉപയോഗിക്കുമ്പോൾ എന്തെങ്കിലും നിറവ്യത്യാസം അനുഭവപ്പെട്ടാൽ ജില്ലാ ഭക്ഷ്യസുരക്ഷാ ഓഫീസിൽ അറിയിക്കണം. ഫോൺ: 8943346183, 9447272732, 04734 221236.

(പിഎൻപി 180/19)

## പ്രവർത്തന മികവിന് ജില്ലയിലെ കുടുംബശ്രീ സി.ഡി.എസുകൾക്ക് അംഗീകാരം

കുടുംബശ്രീ വാർഷിക പദ്ധതി പ്രകാരമുള്ള പ്രവർത്തന പരിപാടികൾ നടപ്പാക്കിയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ മികച്ച സി.ഡി.എസുകളെ തെരഞ്ഞെടുത്തു. ഓരോ സി.ഡി.എസിനും പ്രത്യേക റിവ്യൂ റിപ്പോർട്ട് ഫോർമാറ്റ്, ബുക്ക് രൂപത്തിൽ തയ്യാറാക്കി നൽകുകയും 2018 ഒക്ടോബർ 31 വരെയുള്ള സി.ഡി.എസിന്റെ പ്രവർത്തന നേട്ടങ്ങൾ റിവ്യൂ റിപ്പോർട്ട് ഫോർമാറ്റിൽ രേഖപ്പെടുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് മികച്ച സി.ഡി.എസുകളെ ക ത്തിയത്. സംഘടന ആൻഡ് സംയോജന പദ്ധതികൾ, മൈക്രോ ഫിനാൻസ് ആൻഡ് ബാങ്ക് ലിങ്കേജ്, ട്രാൻസാക്ഷൻ ബേയ്സ്ഡ് എം.ഐ.എസ്., ജെൻഡർ, കൃഷി ആൻഡ് മൃഗസംരക്ഷണ മേഖല, സാമൂഹ്യ വികസനം, ട്രൈബൽ പ്രൊജക്ട്, ഡി.ഡി.യു ജി.കെ.വൈ, സൂക്ഷ്മ സംരംഭങ്ങൾ ആൻഡ് മാർക്കറ്റിംഗ്, നഗര ഉപജീവന പദ്ധതി ആൻഡ് പി.എം.എ.വൈ എന്നീ പത്ത് മേഖലകളിലായി മികച്ച പ്രകടനം കാഴ്ചവച്ച ര ് സി.ഡി.എസുകളെ വീതം ജില്ലാതല അവതരണത്തിന് ക്ഷണിച്ചതിൽ ഓരോ മേഖലയിലും മികച്ച പ്രകടനം കാഴ്ച വച്ച സി.ഡി.എസുകളെ തെരഞ്ഞെടുത്തത്.

വിവിധ മേഖലകളിൽ കുറ്റൂർ, കലഞ്ഞൂർ, പള്ളിക്കൽ, ഏഴംകുളം, മലയാലപ്പുഴ, നാറാണംമൂഴി, കൊടുമൺ, പന്തളം എന്നീ സിഡിഎസുകൾക്കാണ് അംഗീകാരം ലഭിച്ചത്.

(പിഎൻപി 181/19)


വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.


**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

ജനുവരി 17

January 17

2019

*1193 മകരം 3 വ്യാഴം*

# പത്രക്കുറിപ്പ് -2

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657


**ഇ-പോസ് ദിനം ആചരിച്ചു**

ദേശീയ ഭക്ഷ്യഭദ്രതാ നിയമത്തിന്റെ വിവിധ ഘടകങ്ങളെക്കുറിച്ചും ഇ-പോസ് മെഷീനുകളുടെ പ്രവർത്തനരീതിയെക്കുറിച്ചും പൊതുവിതരണ രംഗത്തെ മാറ്റങ്ങളെക്കുറിച്ചും ജനങ്ങളിൽ അവബോധം സൃഷ്ടിച്ചു കൊ ് അടൂർ താലൂക്ക് സപ്ലൈ ആഫീസിന്റെ നേതൃത്വത്തിൽ ജനുവരി 16 ഇ-പോസ് ദിനമായി ആചരിച്ചു. താലൂക്ക് സപ്ലൈ ആഫീസർ അദ്ധ്യക്ഷത വഹിച്ച ചടങ്ങ് നഗരസഭാധ്യക്ഷ ഷൈനി ഗോപി ഉദ്ഘാടനം ചെയ്തു. ദിനാചരണത്തിന്റെ ഭാഗമായി രാവിലെ 11 മുതൽ ഒന്നു വരെ ദേശീയ ഭക്ഷ്യഭദ്രതാ നിയമം സംബന്ധിച്ച് പൊതുജനങ്ങൾക്കായി വീഡിയോ പ്രദർശനം സംഘടിപ്പിച്ചു. (പിഎൻപി 182/19)

**പരിശീലനം നടത്തി**

കില, മല്ലപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ ഗ്രാമ-ബ്ലോക്ക് ജനപ്രതിനിധികൾ ഉദ്യോഗസ്ഥർ എന്നിവർക്കായുള്ള ലിംഗപദവി കാഴ്ചപ്പാടും പ്രാദേശിക ഭരണവും എന്ന വിഷയത്തിലുള്ള ത്രിദിന പരിശീലനം ബ്ലോക്ക് പഞ്ചായത്ത് ഹാളിൽ നടന്നു. ബ്ലോക്ക് പഞ്ചയാത്ത് വൈസ് പ്രസിഡന്റ് കെ. ദിനേശ് ഉദ്ഘാടനം ചെയ്തു. ക്ഷേമകാര്യ സ്ഥിരം സമിതി അധ്യക്ഷൻ ഉണ്ണികൃഷ്ണൻ നടുവിലേമുറി അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ഓമന സുനിൽ, സി.കെ.ലതാകുമാരി, മിനു സാജൻ, ഗ്രാമപഞ്ചായത്ത് അംഗങ്ങൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു. കില ഫാക്കൽറ്റി അംഗങ്ങളായ കെ.എൻ ഷീബ, റ്റി.സി സാലി, വി.എ പ്രഭാവതി, തോമസ് തോമസ് എന്നിവർ ക്ലാസ് നയിച്ചു. (പിഎൻപി 183/19)

Sample output to test PDF Combine only

## സെലക്ഷൻ ട്രയൽ 28ന്

പട്ടികജാതി വികസന വകുപ്പിന് കീഴിൽ തിരുവനന്തപുരം വെള്ളായണിയിൽ പ്രവർത്തിക്കുന്ന ശ്രീ അയ്യങ്കാളി മെമ്മോറിയൽ ഗവൺമെന്റ് മോഡൽ റസിഡൻഷ്യൽ സ്കൂളിൽ 2019-20 വർഷത്തെ അഞ്ചാം ക്ലാസ്, പ്ലസ് വൺ പ്രവേശനത്തിനായി ജില്ലയിലെ പട്ടികജാതി വിഭാഗത്തിലുള്ള കായിക പ്രതിഭകളായ വിദ്യാർഥികൾക്കായി ഈ മാസം 28ന് രാവിലെ 9.30ന് പത്തനംതിട്ട മുനിസിപ്പൽ സ്റ്റേഡിയത്തിൽ സെലക്ഷൻ ട്രയൽ നടത്തും. അഞ്ചാം ക്ലാസിലേക്ക് നിലവിൽ നാലാം ക്ലാസിൽ പഠിക്കുന്നവരും പ്ലസ് വൺ ക്ലാസിലേക്ക് പത്താം ക്ലാസിൽ പഠിക്കുന്നവരും സ്കൂൾ മേധാവിയുടെ കത്ത്, പാസ്പോർട്ട് സൈസ് ഫോട്ടോ, ജാതി, ജനന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ എന്നിവ സഹിതം എത്തണം. സ്കിൽ ടെസ്റ്റിന്റെയും ഫിസിക്കൽ, ഫിറ്റ്നെസ് ടെസ്റ്റിന്റെയും സ്പോർട്സ് മെരിറ്റ് സർട്ടിഫിക്കറ്റിന്റെയും അടിസ്ഥാനത്തിലാണ് സെലക്ഷൻ. പ്ലസ് വൺ ഹ്യൂമാനിറ്റീസ് ബാച്ചിലേക്കാണ് പ്രവേശനം. കൂടുതൽ വിവരത്തിന് ഫോൺ: 0471 2381601, 2380334, 0468 2322712.

(പിഎൻപി 184/19)

## സൗജന്യ പരിശീലനം

സിഎഫ്ആർഡിയുടെ ആഭിമുഖ്യത്തിൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമാണം, ഗുണനിലവാരം, വിപണനം, ഭക്ഷ്യസുരക്ഷ എന്നിവ സംബന്ധിച്ച് അഞ്ച് ദിവസത്തെ സൗജന്യ പരിശീലനം സിഎഫ്ആർഡി ആസ്ഥാനത്ത് നൽകും. സയൻസ് വിഷയത്തിൽ ബിരുദമുള്ളവരും ഭക്ഷ്യസംസ്കരണം, വിപണനം എന്നീ മേഖലകളിൽ പ്രവർത്തിക്കുന്നവരും സംരംഭങ്ങൾ ആരംഭിക്കുന്നതിന് താത്പര്യമുള്ളവരുമായിരിക്കണം അപേക്ഷകർ. താത്പര്യമുള്ളവർ ഈ മാസം 25നകം സിഎഫ്ആർഡിയുമായി ബന്ധപ്പെടണം. ഫോൺ: 0468 2241144.

(പിഎൻപി 185/19)

## അടൂർ വെറ്ററിനറി പോളിക്ലിനിക്ക് കെട്ടിട നിർമാണ ഉദ്ഘാടനം നാളെ (19)

അടൂർ വെറ്ററിനറി പോളിക്ലിനിക്ക് കെട്ടിടത്തിന്റെ നിർമാണോദ്ഘാടനം നാളെ വൈകിട്ട് 3.30ന് അടൂർ ആൾ സെയിന്റ്സ് പബ്ലിക് സ്കൂളിൽ മൃഗസംരക്ഷണ വകുപ്പ് മന്ത്രി കെ.രാജു നിർവഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ ആന്റോ ആന്റണി എംപി മുഖ്യാതിഥിയായിരിക്കും. നഗരസഭാധ്യക്ഷ ഷൈനി ബോബി, വൈസ് ചെയർമാൻ ജി.പ്രസാദ്, മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ ഡോ.പി.കെ.സദാനന്ദൻ, നഗരസഭാംഗങ്ങൾ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും.

നിലവിൽ അടൂർ നഗരസഭയുടെ കമ്മ്യൂണിറ്റി ഹാളിൽ പരിമിതമായ സൗകര്യങ്ങളോടുകൂടിയാണ് വെറ്ററിനറി പോളിക്ലിനിക്ക് പ്രവർത്തിക്കുന്നത്. 2009ൽ പുതിയ കെട്ടിട നിർമാണത്തിനായി 30 ലക്ഷം രൂപ അനുവദിച്ചിരുന്നു. അടൂർ നഗരസഭ പ്രീമെട്രിക് ഹോസ്റ്റലിന് സമീപം കെട്ടിട നിർമാണത്തിനായി സ്ഥലം അനുവദിച്ചിരുന്നെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ കെട്ടിട നിർമാണം ആരംഭിക്കാൻ സാധിച്ചിരുന്നില്ല. തുടർന്ന് അടൂർ നഗരസഭ സ്റ്റേഡിയത്തിന് സമീപം കൃഷിഭവനോട് ചേർന്ന് 14.5 സെന്റ് സ്ഥലം അനുവദിച്ചു. കെട്ടിട നിർമാണത്തിനായി പൊതുമരാമത്ത് പ്ലാൻ തയാറാക്കി 90 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നൽകി. 2018 ജനുവരി 27ന് നിലവിലെ ഗവൺമെന്റ് 60 ലക്ഷം രൂപ അധികമായി അനുവദിക്കുകയും 90 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ടെൻഡർ നടപടികൾ പൂർത്തിയാക്കി.

ആധുനിക സൗകര്യങ്ങളോടുകൂടിയ ലബോറട്ടറി, ഓപ്പറേഷൻ തിയറ്റർ തുടങ്ങി രാത്രികാല സേവനം ഉറപ്പാക്കി 24 മണിക്കൂറും പ്രവർത്തിക്കുന്ന ആശുപത്രിയായി ഉയർത്തുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. സീനിയർ വെറ്ററിനറി സർജൻ, വെറ്ററിനറി സർജൻ, ഓമനമൃഗങ്ങൾക്കുള്ള പരിശോധന മുറി, മരുന്ന് വിതരണം ചെയ്യുന്നതിനുള്ള മുറി, ഓപ്പറേ

Sample output to test PDF Combine only

ഷൻ തിയറ്റർ, ലബോറട്ടറി, കർഷക പരിശീലനത്തിനുള്ള ഹാൾ തുടങ്ങിയവയുള്ള ര ് നില കെട്ടിടത്തിനാണ് ശിലാസ്ഥാപനം നടത്തുന്നത്. (പിഎൻപി 186/19)

## തെങ്ങമം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂൾ കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ (19)

ചിറ്റയം ഗോപകുമാർ എംഎൽഎയുടെ വികസന ഫ ിൽ നിന്നും അനുവദിച്ച ഒരു കോടി രൂപ ചെലവിൽ തെങ്ങമം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽ നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം നാളെ (19) ഉച്ചയ്ക്ക് ര ിന് വനംമന്ത്രി കെ.രാജു നിർവഹിക്കും. ചിറ്റയം ഗോപകുമാർ എംഎൽഎ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി, ജില്ലാ പഞ്ചായത്ത് സ്ഥിരം സമിതി അധ്യക്ഷ കെ.ജി.അനിത, ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ജി.പ്രസന്നകുമാരി, ജില്ലാ പഞ്ചായത്തംഗം റ്റി.മുരുകേഷ്, വിവിധ തദ്ദേശഭരണ ഭാരവാഹികൾ, വകുപ്പ് ഉദ്യോഗസ്ഥർ, രാഷ്ട്രീയകക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുക്കും. (പിഎൻപി 187/19)

## സർക്കാർ തടി ഡിപ്പോയിൽ തടി വിൽപ്പനയ്ക്ക്

അരീക്കക്കാവ് സർക്കാർ തടി ഡിപ്പോയിൽ പൊതുജനങ്ങൾക്ക് വീട് നിർമിക്കുന്നതിനാവശ്യമായ ര ് ബി, സി, മൂന്ന് ബി,സി ക്ലാസുകളിൽപ്പെട്ട തേക്ക് കഷണം ഫെബ്രുവരി നാല് മുതൽ വിൽക്കും. ഒരു വ്യക്തിക്ക് പരമാവധി 175 ക്യു.അടി തടി തെരഞ്ഞെടുക്കാം. തടികൾ ആവശ്യമുള്ളവർ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച കെട്ടിട നിർമാണ അനുമതിപത്രം, കെട്ടിടത്തിന്റെ അംഗീകരിച്ച സ്കെച്ച്, പ്ലാൻ, തിരിച്ചറിയൽ കാർഡ്, പാൻ കാർഡ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പ് സഹിതം ബന്ധപ്പെടണം. ഫോൺ: 04735 274010, 8547600535. (പിഎൻപി 188/19)

## പ്രത്യേക പത്രക്കുറിപ്പ്
## ഇന്ന് (18) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ

ശബരിമല തീർഥാടനത്തോടനുബന്ധിച്ച് ജില്ലയിൽ ഇന്ന് (18) രാത്രി പ്രവർത്തിക്കുന്ന മെഡിക്കൽ സ്റ്റോറുകൾ: എംജിഎം മെഡിക്കൽസ് പത്തനംതിട്ട, നീതി മെഡിക്കൽ സ്റ്റോർ കോന്നി, കറ്റയിൽ മെഡിക്കൽസ് മാരാമൺ കോഴഞ്ചേരി, ജൻ ഔഷധി മെഡിക്കൽ സ്റ്റോർ അടൂർ, നീതി മെഡിക്കൽ സ്റ്റോർ പന്തളം, സതേൺ ഡ്രസ് ഹൗസ് തിരുവല്ല, ശ്രീഅയ്യപ്പ മെഡിക്കൽ കോളജ് വടശേരിക്കര. (പ്രത്യേക പത്രക്കുറിപ്പ് 13/19)

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.



Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 17<br>January 17 | 2019 |
|---|---|

***1193 മകരം 3 വ്യാഴം***

# പത്രക്കുറിപ്പ് -3

[www.prd.kerala.gov.in](http://www.prd.kerala.gov.in), [diopta1@gmail.com](mailto:diopta1@gmail.com) ഫോൺ0468-2222657

### എൻട്രൻസ് പരീക്ഷാ പരിശീലനം

2018-19 വർഷം പ്ലസ്ടു സയൻസ് വിഷയങ്ങൾ തെരഞ്ഞെടുത്ത് പഠിക്കുന്ന പട്ടിക വർഗ വിദ്യാർഥികൾക്ക് ഈ വർഷത്തെ നീറ്റ്/എൻജിനീയറിംഗ് എൻട്രൻസ് പരീക്ഷയ്ക്ക് മുമ്പായി ഒരു മാസത്തെ സൗജന്യ പരിശീലനം നൽകും. താമസ, ഭക്ഷണ സൗകര്യമു ്. താത്പര്യമുള്ളവർ പേര്, മേൽവിലാസം, ഫോൺ നമ്പർ, പരിശീലനം ക്രമീകരിക്കുന്ന സ്ഥലത്ത് താമസിച്ച് പരിപാടിയിൽ പങ്കെടുക്കുന്നതിനുള്ള സമ്മതപത്രം, പ്ലസ് വൺ പരീക്ഷയുടെ സർട്ടിഫിക്കറ്റിന്റെയും ജാതി, വരുമാന സർട്ടിഫിക്കറ്റുകളുടെയും പകർപ്പുകൾ എന്നിവ ഈ മാസം 31ന് മുമ്പ് ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ, തോട്ടമൺ, റാന്നി എന്ന വിലാസത്തിൽ ലഭ്യമാക്കണം. ഫോൺ: 04735 227703. (പിഎൻപി 189/19)

### മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു

ഫിഷറീസ്വകുപ്പ് നടപ്പാക്കുന്ന സാമൂഹ്യമത്സ്യകൃഷി പദ്ധതിയുടെ ഭാഗമായി കോന്നി ഗ്രാമ പഞ്ചായത്തിലെ മുരിങ്ങമംഗലം ക്ഷേത്രക്കടവിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവിയുടെ നേതൃത്വത്തിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചു. കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കോന്നിയൂർ പി. കെ., കോന്നി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം. രജനി, ഫിഷറീസ് സബ്ഇൻസ്പെക്ടർമാരായ എൻ.ഉല്ലാസ്, രമ്യ.ആർ.നായർ, പ്രോജക്ട് കോ-ഓർഡിനേറ്റർമാർ, ജീവനക്കാർ, അക്വാകൾച്ചർ പ്രൊമോട്ടർമാർ, മത്സ്യകർഷകർ, പ്രദേശവാസികൾ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 190/19)

Sample output to test PDF Combine only

## പട്ടികജാതി കടാശ്വാസം അനുവദിച്ചു

പട്ടികജാതി കടാശ്വാസ പദ്ധതി പ്രകാരം ഇലന്തൂര്‍ സര്‍വീസ് സഹകരണ ബാങ്കില്‍ നിന്നും വായ്പയെടുത്ത മൂന്ന് ഗുണഭോക്താക്കള്‍ക്ക് കടാശ്വാസം അനുവദിച്ചു. 2010 മാര്‍ച്ച് 31ന് മുമ്പ് തിരിച്ചടവ് കാലാവധി കഴിഞ്ഞതും കുടിശികയായതുമായ ഒരു ലക്ഷം രൂപ വരെയുള്ള വായ്പകള്‍ക്കാണ് കടാശ്വാസം അനുവദിച്ചത്. (പിഎന്‍പി 191/19)

## വാഹനം ആവശ്യമു ്

കോന്നി സിഎഫ്ആര്‍ഡിയില്‍ ആറ് മാസത്തേക്ക് ഡ്രൈവര്‍ സഹിതം യാത്രാവാഹനം ആവശ്യമു ്. താത്പര്യമുള്ളവര്‍ ഈ മാസം 21ന് മുമ്പ് ക്വട്ടേഷന്‍ നല്‍കണം. ഫോണ്‍: 0468 2241144. (പിഎന്‍പി 192/19)

## ഫോട്ടോ അടിക്കുറിപ്പ്

1) കോന്നി ഗ്രാമ പഞ്ചായത്തിലെ മുരിങ്ങമംഗലം ക്ഷേത്രക്കടവില്‍ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂര്‍ണാദേവിയുടെ നേതൃത്വത്തില്‍ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ജനുവരി 17<br>January 17 | 2019 |
|---|---|

***1193 മകരം 3 വ്യാഴം***

# പത്രക്കുറിപ്പ് -4

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മാധ്യമ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്**

സംസ്ഥാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി നാളെ (18) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ പരിപാടി കവർ ചെയ്യുന്നതിന് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

**ജില്ലാ ഇൻഫർമേഷൻ ഓഫീസർ**

**ലഹരിക്കെതിരെ പടയൊരുക്കം ഉദ്ഘാടനം ചെയ്തു**

യുവാക്കളിലും സ്കൂൾ, കോളേജ് വിദ്യാർഥികൾക്കിടയിലും വർദ്ധിച്ചുവരുന്ന വിവിധ തരം ലഹരിക്കെതിരെ എക്സൈസ് വകുപ്പിന്റെ വിമുക്തിയുടെ സഹകരണത്തോടും ഇലന്തൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'ലഹരിക്കെതിരെ പടയൊരുക്കം' എന്ന പദ്ധതിയും ചേർത്ത് നടത്തുന്ന ലഹരി വിരുദ്ധപരിപാടിയുടെ ബ്ലോക്ക്തല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവ്വഹിച്ചു. ഒരു വർഷം കൊ ് അഞ്ച് ഘട്ടമായിട്ടാണ് പദ്ധതി നടപ്പാക്കുന്നത്. പ്രൈമറി, അപ്പർപ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ്, ടെക്കിനിക്കൽ സ്ഥാപനങ്ങൾ, ക്ലബ്ബുകൾ, ഗ്രന്ഥശാല തലങ്ങളിലാണ് പദ്ധതി നടപ്പാക്കുന്നുത്. പദ്ധതിയുടെ അവസാനഘട്ടത്തിൽ ബ്ലോക്ക് പരിധിയിലുള്ള 2000 വിദ്യാർഥികളേയും, യുവാക്കളേയും പങ്കെടുപ്പിച്ചികൊ ് ലഹരി വിരുദ്ധ പ്രതിജ്ഞയെടുപ്പിക്കുകയും, അവരെ മദ്യത്തിനെതിരെ പ്രവർത്തന സജ്ജരാക്കുകയുമാണ്

Sample output to test PDF Combine only

ലഹരിക്കെതിരെ പടയൊരുക്കം എന്ന പദ്ധതി കൊ ് ലക്ഷ്യമിടുന്നത്.

ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സ്ഥിരം സമിതി അധ്യക്ഷൻ എൻ ശിവരാമൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ ജോൺ.വി.തോമസ്, സാലി തോമസ്, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വേണുകുട്ടൻപിള്ള, ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റ്റി.അലക്സാ ർ, ശിശുവികസന പദ്ധതി ഓഫീസർ എ.എൻ യമുന എന്നിവർ പ്രസംഗിച്ചു. എക്സൈസ് പ്രിവന്റീവ് ഓഫീസർ സി.പി പ്രഭാകരൻപിള്ള ക്ലാസെടുത്തു. എം.എസ് മധുവും സംഘവും അവതരിപ്പിച്ച ലഹരിവിരുദ്ധ പ്രവർത്തനത്തെ ആസ്പദമാക്കി നടത്തിയ കാക്കാരിശ്ശി നാടകം ഏറെ ശ്രദ്ധേയമായി. (പിഎൻപി 193/19)

## സയൻസ് പാർക്ക് ഉദ്ഘാടനം ചെയ്തു

അടൂർ കിഴക്കുപുറം ഗവൺമെന്റ് ഹയർസെക്ക റി സ്കൂളിലെ സയൻസ് പാർക്ക് ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. കളിച്ചും ചിരിച്ചും ശാസ്ത്രത്തെ അറിയാൻ കുട്ടികളെ പഠിപ്പിക്കുന്നതിനും സങ്കീർണമായ ശാസ്ത്രതത്വങ്ങൾ ലളിതമായി വിദ്യാർഥികൾക്ക് പകർന്നുകൊടുക്കുന്നതിനും കഴിയണമെന്ന് അദ്ദേഹം പറഞ്ഞു. ശാസ് ത്രോപകരണങ്ങളും മാതൃകകളും കുട്ടികൾക്ക് നേരിട്ട് പരിശോധിച്ച് മനസിലാക്കുന്നതിനാണ് അവസരമൊരുങ്ങിയത്. പൊതുവിദ്യാഭ്യാസത്തിന്റെ അക്കാദമിക ഗുണനിലവാരം ഉയർത്താൻ ലക്ഷ്യമിട്ടുകൊ ാണ് സർവ്വശിക്ഷാ അഭിയാൻ സയൻസ് പാർക്കുകൾ സ്കൂളുകളിൽ ആരംഭിച്ചിരിക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ഏഴംകുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അധ്യ ക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ പഞ്ചായത്തംഗം സതികുമാരി മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ മോഹൻനായർ, വാർഡ് മെമ്പർമാരായ ഓലിക്കുളങ്ങര സുരേന്ദ്രൻ, അനിയൻ തോമസ്, സി.കെ പ്രകാശൻ, ഹെഡ്മാസ്റ്റർ ജി.പി ലാൽ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 194/19)

## ഭരണഘടന സന്ദേശയാത്രയ്ക്ക് ജില്ലയിൽ വൻ സ്വീകരണം നൽകും

കേരളനിയമസഭയും സംസ്ഥാന സാക്ഷരതാമിഷനും സംയുക്തമായി നടത്തുന്ന ഭരണഘടന സാക്ഷരത ജനകീയ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സംഘടിപ്പിക്കുന്ന ഭരണഘടന സാക്ഷരതാസന്ദേശയാത്രയ്ക്ക് ജില്ലയിൽ വൻ സ്വീകരണം നൽകാനൊരുങ്ങി ജില്ലാ സാക്ഷരതാമിഷൻ. സ്വീകരണ പരിപാടികൾക്ക് നേതൃത്വം നൽകുന്നതിനായി 101 അംഗ സംഘാടകസമിതിയെ ജില്ലാ പഞ്ചായത്തിൽ പ്രസിഡന്റ് അന്നപൂർണാദേവിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തിരഞ്ഞെടുത്തു. ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ആന്റോ ആന്റണി എംപി, എംഎൽഎമാരായ മാത്യു ടി. തോമസ്, ചിറ്റയം ഗോപകുമാർ, വീണാ ജോർജ്, രാജു എബ്രഹാം, അടൂർ പ്രകാശ് എന്നിവർ രക്ഷാധികാരികളായും തിരുവല്ല നഗരസഭ ചെയർമാൻ ചെറിയാൻ പോളച്ചിറക്കൽ,പന്തളം നഗരസഭ അധ്യക്ഷ ടി.കെ സതി, ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോർജ് മാമ്മൻ കൊ ൂർ എന്നിവർ വൈസ് ചെയർമാൻമാരായും സാക്ഷാരതാമിഷൻ ജില്ലാ കോർഡിനേറ്റർ ഡോ. വി.വി. മാത്യു കൺവീനറുമായതാണ് 101 അംഗ സംഘാടകസമിതി. ഭരണഘടനയെ സംബന്ധിച്ചുള്ള അവബോധം ജനങ്ങളിലെത്തിക്കുക, ഭരണഘടന മൂല്യങ്ങൾ സംരക്ഷിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക, ഭരണഘടന സാക്ഷരത പരിപാടിയിൽ ജനങ്ങളെ പങ്കാളികളാക്കുക എന്നീ ലക്ഷ്യത്തോടെയാണ് സന്ദേശയാത്ര സംഘടിപ്പിക്കുന്നത്. ഈ മാസം 14ന് മഞ്ചേശ്വരത്ത് നിന്ന് ആരംഭിച്ച ഭരണഘടന സാക്ഷരതാ സന്ദേശയാത്രയ്ക്ക് 23ന് രാവിലെ 9:30ന് തിരുവല്ല പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപമുള്ള ഓപ്പൺ എയർ സ്റ്റേജിൽ (പൊയ്കയിൽ അപ്പച്ചൻ നഗർ)സ്വീകരണം നൽകും. 101 ഇരുചക്രവാഹനങ്ങളുടെ

Sample output to test PDF Combine only

അകമ്പടിയോടെ താളമേളങ്ങളോടെ സ്വീകരിക്കുന്ന സന്ദേശയാത്രയ്ക്ക് ജില്ലാ ഭരണകൂടവും നഗരസഭയും വിവിധ വകുപ്പുകളും സ്വീകരണം നൽകും. തുടർന്ന് 11:30 ന് പന്തളത്ത് എത്തിച്ചേരുന്ന യാത്രയ്ക്ക് പ്രൈവറ്റ് ബസ് സ്റ്റാൻഡിന് സമീപം (ആറാട്ടുപുഴ വേലായുധപ്പണിക്കർ നഗർ) സ്വീകരണം നൽകും. സ്വീകരണ പരിപാടികളെ കുറിച്ച് ആലോചിക്കുന്നതിനായി നാളെ (19ന്) രാവിലെ 10:30ന് തിരുവല്ല മുനിസിപ്പൽ ഓഫീസിലും, ഉച്ചകഴിഞ്ഞ് ര ിന് പന്തളം മുനിസിപ്പൽ ഓഫീസിലും പ്രാദേശിക സംഘാടക സമിതി യോഗം നഗരസഭാ അധ്യക്ഷന്മാരുടെയും തദ്ദേശഭരണ സ്ഥാപന മേധാവികളുടേയും നേതൃത്വത്തിൽ ചേരും.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷത വഹിച്ച യോഗത്തിൽ വൈസ് പ്രസിഡന്റ് ജോർജ് മാമൻ കൊ ൂർ, ജില്ലാ സാക്ഷരതാമിഷൻ അസിസ്റ്റന്റ് കോർഡിനേറ്റർ ടി. മുരുകദാസ്, മുനിസിപ്പൽ കൗൺസിലർമാർ, വിവിധ വകുപ്പ് പ്രതിനിധികൾ, സാക്ഷരതാമിഷൻ പ്രേരക്മാർ തുടങ്ങിയവർ പങ്കെടുത്തു. (പിഎൻപി 195/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ലഹരിക്കെതിരെ പടയൊരുക്കം പദ്ധതിയുടെ ബ്ലോക്ക്തല ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കുന്നു.
2) അടൂർ കിഴക്കുപുറം ഗവൺമെന്റ് ഹയർസെക്ക റി സ്കൂളിലെ സയൻസ് പാർക്ക് ചിറ്റയം ഗോപകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**

Sample output to test PDF Combine only

# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| | |
|---|---|
| **ജനുവരി 17**<br>**January 17** | **2019** |

***1193 മകരം 3 വ്യാഴം***

# പത്രക്കുറിപ്പ് -5

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**മാധ്യമ പ്രവർത്തകരുടെ ശ്രദ്ധയ്ക്ക്**

സംസ്ഥാന നിയമസഭയുടെ പട്ടികജാതി പട്ടികവർഗ ക്ഷേമം സംബന്ധിച്ച സമിതി നാളെ (18) രാവിലെ 10.30ന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ യോഗം ചേരും. അങ്ങയുടെ സ്ഥാപനത്തിന്റെ പ്രതിനിധിയെ പരിപാടി കവർ ചെയ്യുന്നതിന് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

**ജില്ലാ ഇൻഫർമേഷൻ ഓഫീസർ**

**മാരാമൺ കൺവൻഷൻ:**

**സർക്കാർതല ക്രമീകരണങ്ങൾ**

**ഫെബ്രുവരി ഏഴിനുള്ളിൽ പൂർത്തിയാക്കും**

124-ാംമത് മാരാമൺ കൺവൻഷനോട് അനുബന്ധിച്ച് വിവിധ സർക്കാർ വകുപ്പുകൾ ഏർപ്പെടുത്തുന്ന ക്രമീകരണങ്ങൾ ഫെബ്രുവരി ഏഴിനുള്ളിൽ പൂർത്തിയാക്കണമെന്ന് ജലവിഭവവകുപ്പ് മന്ത്രി കെ.കൃഷ്ണൻകുട്ടി നിർദേശിച്ചു. കൺവൻഷനുമായി ബന്ധപ്പെട്ട സർക്കാർ തല ക്രമീകരണങ്ങൾ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ചേർന്ന യോഗത്തിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. കൺവൻഷൻ നഗറിൽ നിർമിക്കുന്ന താൽക്കാലിക പാലത്തിന്റെ സുരക്ഷ ഉറപ്പാക്കണമെന്നും മന്ത്രി പറഞ്ഞു.

Sample output to test PDF Combine only

കോഴഞ്ചേരി–തോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്ത് പ്രദേശത്ത് കുടിവെള്ളം മുടങ്ങാതിരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കണമെന്ന് വീണാ ജോർജ് എംഎൽഎ പറഞ്ഞു. ഇടയ്ക്കാട് മാർക്കറ്റ് – തടിയൂർ റോഡ് ഉൾപ്പെടെ കൺവൻഷനുമായി ബന്ധപ്പെട്ട എല്ലാ റോഡുകളുടെയും അറ്റകുറ്റപ്പണി അടിയന്തിരമായി പൂർത്തിയാക്കണമെന്നും എംഎൽഎ നിർദേശിച്ചു. മുൻ വർഷങ്ങളിലേതു പോലെ ഹരിതചട്ടം പാലിച്ചായിരിക്കും ഇത്തവണയും കൺവൻഷൻ നടത്തുകയെന്ന് സംഘാടകരായ മലബാർ മാർത്തോമാ സിറിയൻ ക്രിസ്ത്യൻ ഇവാഞ്ചലിസ്റ്റിക് അസോസിയേഷൻ പ്രതിനിധികൾ അറിയിച്ചു. ഇതുപ്രകാരം പ്ലാസ്റ്റിക് വസ്തുക്കളും ഫ്ളക്സും പൂർണമായി ഒഴിവാക്കും.

ഫെബ്രുവരി 10 മുതൽ 17 വരെയാണ് കൺവൻഷൻ നടക്കുക. ഫെബ്രുവരി ഒൻപതു മുതൽ എല്ലാ സർക്കാർ വകുപ്പുകളുടെയും സേവനം ലഭ്യമാക്കും. കൺവൻഷൻ കാലയളവിൽ പമ്പ നദിയിലെ ജലവിതാനം ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായി മൂഴിയാർ കെഎസ്ഇബി ജനറേഷൻ സർക്കിൾ പ്രതിനിധി അറിയിച്ചു. കൺവൻഷൻ നഗരിലും സമീപപ്രദേശങ്ങളിലും പൂർണസമയം വൈദ്യുതി വിതരണം ഉറപ്പാക്കുന്നതിനും തകരാറിലായ തെരുവുവിളക്കുകൾ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ പ്രകാശിപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണെന്ന് കെ.എസ്.ഇ.ബി അറിയിച്ചു. മണിയാർ ഡാമിൽ നിന്നുള്ള ജലനിർഗമനം നിയന്ത്രിച്ചിട്ടുെ ന്ന് പമ്പ ഇറിഗേഷൻ പ്രോജക്റ്റ് അറിയിച്ചു.

കൺവൻഷൻ നഗറിലെ താത്കാലികപാലത്തിന്റെ സുരക്ഷാപരിശോധന മേജർ ഇറിഗേഷൻ വിഭാഗം നടത്തും. പുല്ലാട് –ചെറുകോൽപ്പുഴ, മാരാമൺ–കുറിയന്നൂർ, തെക്കേമല–കുഴിക്കാല റോഡുകളുടെ അറ്റകുറ്റപണികൾ നടത്തുമെന്ന് പൊതുമരാമത്ത് നിരത്ത് വിഭാഗം അറിയിച്ചു. കൺവൻഷൻ നഗറിലെ പന്തലും സ്റ്റേജും പരിശോധിച്ച് പൊതുമരാമത്ത് കെട്ടിടവിഭാഗം സുരക്ഷ ഉറപ്പാക്കും.

വാട്ടർ അതോറിറ്റി കൺവൻഷൻ നഗറിൽ 24 മണിക്കൂറും കുടിവെള്ളം ലഭ്യമാക്കാനായി ആർ.ഒ പ്ലാന്റുകൾ സ്ഥാപിക്കും. നഗറിൽ താൽക്കാലിക ഡിസ് പെൻസറിയും ആംബുലൻസ് സൗകര്യവും ആരോഗ്യവകുപ്പ് ഏർപ്പെടുത്തും. ശുചീകരണത്തിനാവശ്യമായ ലോഷൻ, ബ്ലീച്ചിംഗ് പൗഡർ എന്നിവയും ആരോഗ്യവകുപ്പ് ലഭ്യമാക്കും.

കോഴഞ്ചേരി–തോട്ടപ്പുഴശേരി എന്നിവിടങ്ങളിലെ സംരക്ഷണഭിത്തി നിർമാണം, താത്കാലിക തടയണകൾ, കടവുകൾ എന്നിവ നിർമിക്കുന്നതിന് 12 ലക്ഷം രൂപ അനുവദിച്ച് ജലസേചന വകുപ്പ് പ്രവർത്തനങ്ങൾ ആരംഭിച്ചു. പത്തനംതിട്ട, ചെങ്ങന്നൂർ, പന്തളം, കൊട്ടാരക്കര, തിരുവല്ല, അടൂർ എന്നീ സ്റ്റേഷനുകളിൽ നിന്നും കോഴഞ്ചേരിയിലേക്ക് ആവശ്യാനുസരണം ബസ് സർവീസുകൾ ക്രമീകരിക്കുന്നതിന് കെഎസ്ആർടിസിക്ക് നിർദേശം നൽകി. ഫെബ്രുവരി ഒൻപതു മുതൽ കെഎസ്ആർടിസി സർവീസുകൾ ആരംഭിക്കും.

ഹരിത കേരള മിഷന്റെ ഭാഗമായി പഞ്ചായത്തു തലത്തിലുള്ള ഹരിതകർമസേനയുടെ നേതൃത്വത്തിൽ കൺവൻഷൻ നഗറിലെ ശുചീകരണപ്രവർത്തനങ്ങൾ ഏകോപിപ്പിക്കും. ശുചീകരണ, മാലിന്യ നിർമാർജന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് കോഴഞ്ചേരി, തോട്ടപ്പുഴശേരി ഗ്രാമപഞ്ചായത്തുകളെ ചുമതലപ്പെടുത്തി. അനധികൃത കച്ചവടം ഒഴിപ്പിക്കുന്നതിനും പ്രദേശത്തെ യാചക നിരോധിത മേഖലയാക്കുന്നതിനും പഞ്ചായത്തുകൾ നടപടിയെടുക്കും. കൺവൻഷൻ മേഖലയെ ര ് സെക്ടറായി തിരിച്ച് പോലീസ് സുരക്ഷ ഏർപ്പെടുത്തും. ഇതിനൊപ്പം പാർക്കിംഗ്, ഗതാഗത നിയന്ത്രണം എന്നിവയും നടപ്പാക്കും. എക്സൈസ് വകുപ്പിന്റെ വിമുക്തി വിഭാഗത്തിന്റെ സ്റ്റാൾ കൺവൻഷൻ നഗറിൽ ഉ ാകും. വ്യാജമദ്യം, മറ്റ് നിരോധിത ലഹരി വസ്തുക്കളുടെ വിൽപ്പന തടയുന്നതിന് എക്സൈസ് വകുപ്പ് നടപടിയെടുക്കും. ഫയർഫോഴ്സിന്റെ സേവനം ലഭ്യമാക്കും.

Sample output to test PDF Combine only

കണ്‍വന്‍ഷന്റെ സുഗമമായ നടത്തിപ്പിന് വിവിധ സര്‍ക്കാര്‍ വകുപ്പുകളുടെ പ്രവര്‍ത്തനങ്ങള്‍ ഏകോപിപ്പിക്കുന്നതിനായി അടൂര്‍ ആര്‍.ഡി.ഒ എം.എ. റഹീമിനെ കോ-ഓര്‍ഡിനേറ്ററായും, തിരുവല്ല, കോഴഞ്ചേരി തഹസില്‍ദാര്‍മാരെ അസിസ്റ്റന്റ് കോ-ഓര്‍ഡിനേറ്റര്‍മാരായും നിയമിച്ചു.

രാജു ഏബ്രഹാം എം.എല്‍.എ, എ.ഡി.എം പി.ടി ഏബ്രഹാം, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ജോര്‍ജ് മാമ്മന്‍ കൊ  ൂര്‍, ഇലന്തൂര്‍ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.ബി സത്യന്‍, കോയിപ്രം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.ആര്‍ കൃഷ്ണകുമാര്‍, ജല അതോറിറ്റി ബോര്‍ഡ് അംഗം അലക്സ് കണ്ണമല, ഇറിഗേഷന്‍ ചീഫ് എന്‍ജിനീയര്‍ കെ.എ ജോഷി, ദുരന്തനിവാരണം ഡെപ്യൂട്ടി കളക്ടര്‍ എസ്.ശിവപ്രസാദ്, മലബാര്‍ മാര്‍ത്തോമാ സിറിയന്‍ ക്രിസ്ത്യന്‍ ഇവാഞ്ചലിസ്റ്റിക് അസോസിയേഷന്‍ ജനറല്‍ സെക്രട്ടറി റവ. ജോര്‍ജ് അബ്രഹാം കൊറ്റനാട്, ട്രാവലിംഗ് സെക്രട്ടറി റവ. എസ്. സാമുവേല്‍ സന്തോഷം, കറസ്പോ  ന്‍സ് സെക്രട്ടറി സി.വി. വര്‍ഗീസ്, ട്രഷറര്‍ അനില്‍ ടി. ഫിലിപ്പ്, സഭാ ട്രസ്റ്റി പി.പി. അച്ചന്‍കുഞ്ഞ്, ഡി.എം.ഒ(ആരോഗ്യം) ഡോ. എ.എല്‍ ഷീജ, തിരുവല്ല തഹസീല്‍ദാര്‍ ശോഭന ചന്ദ്രന്‍, കോഴഞ്ചേരി തഹസീല്‍ദാര്‍ ബി. ജ്യോതി, ഹരിതകേരളം മിഷന്‍ ജില്ലാ കോ-ഓര്‍ഡിനേറ്റര്‍ ആര്‍.രാജേഷ്, എക്സിക്യൂട്ടീവ് എന്‍ജിനീയര്‍ ജിജി തമ്പി, എ.ഇ.ഇ പി.നെല്‍സണ്‍, വിവിധ വകുപ്പ് പ്രതിനിധികള്‍ തുടങ്ങിയവര്‍ പങ്കെടുത്തു.

(പിഎന്‍പി 196/19)

**ഫോട്ടോ അടിക്കുറിപ്പ്**

5) മാരാമണ്‍ കണ്‍വന്‍ഷനുമായി ബന്ധപ്പെട്ട സര്‍ക്കാര്‍ തല ക്രമീകരണങ്ങള്‍ വിലയിരുത്തുന്നതിന് കളക്ടറേറ്റ് കോണ്‍ഫറന്‍സ് ഹാളില്‍ ചേര്‍ന്ന യോഗത്തില്‍ അധ്യക്ഷത വഹിച്ച് ജലവിഭവവകുപ്പ് മന്ത്രി കെ.കൃഷ്ണന്‍കുട്ടി സംസാരിക്കുന്നു.

വാര്‍ത്തകള്‍
ഇനി കാണാം...
കേള്‍ക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈല്‍ ആപ്ലിക്കേഷനാണ്.
ആന്‍ഡ്രോയിഡ് വേര്‍ഷനിലുള്ള
എല്ലാ സ്മാര്‍ട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറില്‍ നിന്നും PRD LIVE
ഡൗണ്‍ലോഡ് ചെയ്യാം.

**ഇന്‍ഫര്‍മേഷന്‍&പബ്ലിക് റിലേഷന്‍സ് വകുപ്പ്**

Sample output to test PDF Combine only